"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- കുമ്പള ഗ്രാമപഞ്ചായത്തിൽ ആരിക്കാടി പ്രദേശത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പൈപ്പ് ലൈനിന്റെ ഭാഗമായി ആരിക്കാടി പുത്തിഗൈ PWD റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ 172/24, ആരിക്കാടി ചെറിയ കുന്നിൽ കുടിവെള്ള പദ്ധതി, അടങ്കൽ - 9,79,000/- (സി.എഫ്.സി. റ്റൈഡ് ഗ്രാൻറ്) ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.2715/2025/LSGD തീയതി,തിരുവനന്തപുരം, 07-11-2025

---

പരാമർശം:-

1. 1) കുമ്പള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.01.2024- ലെ 1(1)/2024 നമ്പർ തീരുമാനം
2. 16.10.2024-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ തീരുമാനം നമ്പർ 2.5- 4.39

**ഉത്തരവ്**

കുമ്പള ഗ്രാമപഞ്ചായത്തിൽ ആരിക്കാടി പ്രദേശത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പൈപ്പ് ലൈനിന്റെ ഭാഗമായി ആരിക്കാടി പുത്തിഗൈ PWD റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കേണ്ടതുണ്ട്. വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനുള്ള NOC ഉപാധികളോടെ PWD നൽകിയിട്ടുണ്ട്. ഇവിടെ വാട്ടർ ടാങ്ക് നിർമ്മിക്കുന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ 172/24, ആരിക്കാടി ചെറിയ കുന്നിൽ കുടിവെള്ള പദ്ധതി 9,79,000/- (സി.എഫ്.സി. റ്റൈഡ് ഗ്രാൻറ്) ) അനുമതി നൽകണമെന്നു സംബന്ധിച്ച കുമ്പള ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പരാമർശം (1) തീരുമാനപ്രകാരമുള്ള അപേക്ഷ 16.10.2024- ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു

2. കുമ്പള ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങൾക്കും ടാപ്പ് കണക്ഷൻ നൽകാൻ വിഭാവനം ചെയ്തിട്ടുള്ള ജലജീവൻ പദ്ധതി നടപ്പാക്കുന്നുണ്ട് എങ്കിലും 30 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുംവിധം നടപ്പാക്കുന്ന പ്രത്യേക പദ്ധതിയാണ് എന്ന് യോഗം വിലയിരുത്തുകയും നിർമ്മാണത്തിനുശേഷം കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതി പരിപാലിക്കണമെന്നും ആവർത്തന ചെലവ് ഗുണഭോക്തൃ സമിതി വഹിക്കണമെന്നുമുള്ള നിബന്ധനയോടെ പ്രത്യേക അനുമതി നൽകുന്നതിനും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിർമ്മാണത്തിനുശേഷം കുടിവെള്ള പദ്ധതി ഗുണഭോക്തൃ സമിതി പരിപാലിക്കണമെന്നും ആവർത്തന ചെലവ് ഗുണഭോക്തൃ സമിതി വഹിക്കണമെന്നുമുള്ള നിബന്ധനയോടെ കുമ്പള ഗ്രാമപഞ്ചായത്തിൽ ആരിക്കാടി പ്രദേശത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പൈപ്പ് ലൈനിന്റെ ഭാഗമായി ആരിക്കാടി പുത്തിഗൈ PWD റോഡിനോട് ചേർന്നുള്ള പുറമ്പോക്ക് സ്ഥലത്ത് വാട്ടർ ടാങ്ക് സ്ഥാപിക്കുന്ന പദ്ധതിക്ക് (പ്രോജക്ട് നമ്പർ 172/24, ആരിക്കാടി ചെറിയ കുന്നിൽ കുടിവെള്ള പദ്ധതി, അടങ്കൽ - 9,79,000/- (സി.എഫ്.സി. റ്റൈഡ് ഗ്രാൻറ്) ) പ്രത്യേക അനുമതി

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കുമ്പള ഗ്രാമപഞ്ചായത്ത്, കാസർഗോഡ്
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 07-11-2025 13:02:53
സെക്ഷൻ ഓഫീസർ